LIBRARY ARCHIVES Kerala Legislative Assembly

## സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് പാർപ്പിട നിർമ്മാണത്തിന് സൗജന്യ ഭൂമി

8 [1356] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. സുധാകരൻ :
,, പി. ശങ്കരൻ :
,, എം. പി. ഗംഗാധരൻ :
,, പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി തിരകളിൽപ്പെട്ട് വീട് നശിച്ച മത്സ്യത്തൊഴിലാളികളെ തീരദേശ റോഡിനു പടിഞ്ഞാറു വശം താമസിക്കുവാൻ അനുവദിക്കുമോ;

(ബി) ഇല്ലെങ്കിൽ റോഡിന് കിഴക്കു വശത്തേക്കു മാറ്റിപ്പാർപ്പിക്കുന്ന ഇവർക്ക് സൗജന്യമായി ഭൂമി നൽകുമോ;

(സി) എങ്കിൽ അതിന് എത്ര ഭൂമി വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) അനുവദിക്കുന്നതല്ല.

(ബി) സൗകര്യപ്രദമായ സ്ഥലത്ത് സ്ഥിരം വീടുകൾ നിർമ്മിച്ച് നൽകുന്നതാണ്.

(സി) ഭൂമി എടുക്കുവാനുള്ള നടപടികൾ നടന്നു വരുന്നു. ആവശ്യമായ ഭൂമിയുടെ കണക്ക് തിട്ടപ്പെടുത്തി വരുന്നു.

## സുനാമിയിൽ തകർന്ന വീടുകൾക്കു പകരം വീടുകൾ

9 [1357] ശ്രീ. കെ. ബാബു :
ശ്രീമതി മാലത്ത് സരളാദേവി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, ലൂഡി ലൂയിസ് :
,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ാം തീയതിയുണ്ടായ സുനാമിമൂലം നശിച്ച എല്ലാ വീടുകൾക്കും പകരം മാതാ അമൃതാനന്ദമയി ട്രസ്റ്റ് വീടുകൾ നിർമ്മിച്ച് നൽകുമെന്ന് വാഗ്ദാനം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വാഗ്ദാനം സ്വീകരിച്ചുവോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?